ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, കണ്ണപുരം പഞ്ചായത്തിലെ മൊട്ടമ്മൽ കുടുംബക്ഷേമകേന്ദ്രം ഇപ്പോഴും അവിടെ തന്നെ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം നിറുത്തലാക്കാനുള്ള യാതൊരു നിർദ്ദേശങ്ങളും ഗവൺമെന്റിന്റെ പരിഗണനയിലില്ല. യാതൊരു കാരണവശാലും ആ കുടുംബക്ഷേമ കേന്ദ്രം അവിടെനിന്ന് മാറുകയില്ലെന്ന് ഗവൺമെന്റ് ഉറപ്പു പറയുന്നു.

(3) അഞ്ചുവർഷത്തെ എൽ.എൽ.ബി. കോഴ്സ്

ശ്രീ. കെ.പി. പ്രഭാകരൻ: സർ, രണ്ടു വർഷം മുമ്പ് നിയമ വിദ്യാഭ്യാസം അഞ്ചുവർഷ എൽ.എൽ.ബി. കോഴ്സാക്കി ആരംഭിക്കുന്ന സന്ദർഭത്തിൽ ഇതൊരു ഇൻറഗ്രേറ്റഡ് കോഴ്സാണെന്ന ധാരണയിൽ പല വിദ്യാർത്ഥികളും ഡിഗ്രി ക്ലാസ്സുകളിൽനിന്നും മറ്റു ക്ലാസ്സുകളിൽനിന്നുമൊക്കെ അതിൽ പോയിചേർന്നു. അതിനുശേഷം ആദ്യത്തെ രണ്ടുവർഷം പ്രീ ലോ കോഴ്സാക്കുമെന്നും രണ്ടാം വർഷം പാസ്സായ വിദ്യാർത്ഥികൾക്കുമാത്രമേ മൂന്നാം വർഷ ക്ലാസ്സിൽ ചേർന്നു പഠിക്കാൻ സാധിക്കൂ എന്നുമുള്ള സ്ഥിതിവിശേഷമാണ് വന്നിരിക്കുന്നത്. അതിനെ സംബന്ധിച്ചിടത്തോളം നമ്മുടെ മൂന്നു യൂണിവേഴ്സിറ്റികളുംകൂടി യോജിച്ച് ഒരു തീരുമാനം എടുത്തിട്ടില്ല. കേരള യൂണിവേഴ്സിറ്റി ഇതിനെ ഇൻറഗ്രേറ്റഡ് കോഴ്സായി അംഗീകരിച്ച് മൂന്നാം വർഷ ക്ലാസ്സുതന്നെ ആരംഭിച്ചു കഴിഞ്ഞു. അതേസമയത്ത് ഗാന്ധിജി യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ ഇതിനെക്കുറിച്ച് വ്യക്തമായ ഒരു തീരുമാനമെടുത്തിട്ടില്ല. പരീക്ഷാഫലംപോലും ഗാന്ധിജി യൂണിവേഴ്സിറ്റിയിൽനിന്ന് വന്നിട്ടില്ല. രണ്ടാം വർഷം തോറ്റ വിദ്യാർത്ഥികൾക്ക് മൂന്നാംവർഷം ചേർന്നു പഠിക്കാമോ? ഇൻറഗ്രേറ്റഡ് കോഴ്സാണെങ്കിൽ തോറ്റ വിഷയം പിന്നീട് എഴുതി ജയിച്ചാൽ മതി. ഇക്കാര്യത്തിൽ വിദ്യാർത്ഥികളുടെ ഇടയിൽ ആശങ്ക വളരുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, ഇതിനു ഒരു വാചകത്തിൽ മറുപടി പറയാൻ കഴിയില്ല. ഇത് 1984-85-ൽ ആരംഭിച്ച ഒരു കോഴ്സാണ്. അദ്ദേഹം ഇവിടെ പറഞ്ഞത് വളരെ ഗൗരവമായ ഒരു വിഷയമാണ്. അഞ്ചു വർഷത്തെ എൽ.എൽ.ബി. കോഴ്സ് ഒരു ഇൻറഗ്രേറ്റഡ് കോഴ്സാക്കി ആദ്യം നിശ്ചയിച്ചു. അതിനുശേഷം മൂന്നു യൂണിവേഴ്സിറ്റികളിലും ഇക്കാര്യങ്ങളെക്കുറിച്ച് അതിന്റെ Board of studies Faculty ഒക്കെ പരിശോധിക്കുകയുണ്ടായി. മൂന്നു യൂണിവേഴ്സിറ്റികളിൽ ഗാന്ധിജി യൂണിവേഴ്സിറ്റിയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയും ഒരേ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. എന്നാൽ കേരള യൂണിവേഴ്സിറ്റി വ്യത്യസ്തമായ ഒരു നിലപാട് സ്വീകരിച്ചിരിക്കുന്നു. ഇതിനെ ഒരു ഇൻറഗ്രേറ്റഡ് കോഴ്സായി കാണണമോ അതോ പ്രീ ലോ കോഴ്സായി കാണണമോ എന്നുള്ളതാണ് ഇപ്പോഴത്തെ ഒരു പ്രധാന വിഷയം. എല്ലാ വിദ്യാർത്ഥികളെയും മൂന്നാം വർഷത്തേയ്ക്ക് പ്രവേശിപ്പിക്കണമെന്നൊരു നിർദ്ദേശം വന്നിട്ടുണ്ട്. പക്ഷേ ഗാന്ധിജി യൂണിവേഴ്സിറ്റിയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയും എടുത്തിരിക്കുന്ന ഒരു തീരുമാനം പ്രീ ലോ കോഴ്സ് ഒരു പ്രത്യേക വിഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

കാണുകയെന്നുള്ളതാണ്. അതായത്, രണ്ടാം വർഷത്തെ കോഴ്സ് പാസ്സാകുന്ന വിദ്യാർത്ഥികളെമാത്രം മൂന്നാം വർഷത്തേയ്ക്ക് മാറ്റുകയെന്നുള്ളതാണ് രണ്ടു യൂണിവേഴ്സിറ്റികളും സ്വീകരിച്ചിരിക്കുന്ന നിലപാട്. എന്നാൽ കേരള യൂണിവേഴ്സിറ്റി സ്വീകരിച്ചിരിക്കുന്നത്, രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വിദ്യാർത്ഥികളെയും മൂന്നാം വർഷത്തേയ്ക്ക് പ്രവേശിപ്പിക്കണമെന്നാണ്. മൂന്നു യൂണിവേഴ്സിറ്റികളിലും വ്യത്യസ്തമായ തീരുമാനമാണ് വന്നിരിക്കുന്നത്. ഇതിനകത്ത് ഗവൺമെൻറിന് നേരിട്ട് ഒന്നും ചെയ്യാൻ കഴിയുകയില്ലെങ്കിലും മൂന്നു യൂണിവേഴ്സിറ്റികളിലെയും വൈസ് ചാൻസലർമാരുമായി ഇതിനെക്കുറിച്ച് സംസാരിച്ച് മൂന്നു യൂണിവേഴ്സിറ്റികൾക്കുംകൂടി ഒരു ഏകീകൃത സ്വഭാവമുണ്ടാക്കേണ്ട താവശ്യമാണെന്നാണ് ഗവൺമെൻറ് കരുതുന്നത്. അങ്ങനെയുള്ള ഒരു സമീപനം സ്വീകരിച്ചുകൊണ്ട് ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(4) ചെമ്പേരി, കുടിയാൻമല റോഡിലെ മണ്ണംകുണ്ടുപാലം

ശ്രീ. കെ.സി. ജോസഫ്: സർ, എൻെറ നിയോജകമണ്ഡലത്തിൽപെട്ട ചെമ്പന്തൊട്ടി-നടുവിൽ റോഡിലെ മണ്ണംകുണ്ടു പാലത്തിൻെറ പണിക്ക് സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകി, ബഡ്ജറ്റിൽ 7 ലക്ഷം രൂപ വകകൊള്ളിച്ചു. പക്ഷേ സാമ്പത്തിക പരിമിതി പറഞ്ഞുകൊണ്ട് ആ വർക്ക് ടെൻഡർ ചെയ്യാൻ അനുമതി കൊടുക്കുന്നില്ല. അതുപോലെതന്നെ ശ്രീകണ്ഠപുരം ചെമ്പന്തൊട്ടി-നടുവിൽ റോഡിൻെറ രണ്ടാം റീച്ചു പണിയ്ക്കും ഭരണാനുമതിയും സാങ്കേതികാനുമതിയും കൊടുത്തു. ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അതിനും വർക്ക് ടെൻഡർ ചെയ്യാൻ അനുമതി കൊടുക്കുന്നില്ല. അതുപോലെ, മാട്ടറ-കാലാങ്കി റോഡിൻെറ പണിയും, അതിൻെറയും ഭരണാനുമതി കൊടുത്തതാണ്. പക്ഷേ വർക്ക് ടെൻഡർ ചെയ്യുന്നില്ല. ഇത്തരത്തിൽ മിച്ച ബഡ്ജറ്റ് അവതരിപ്പിച്ച കാലഘട്ടത്തിലെങ്കിലും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള വർക്കുകൾക്കെങ്കിലും സാമ്പത്തിക പരിമിതി എന്ന് പറഞ്ഞ് അനുമതി നല്കാത്ത നയം സ്വീകരിക്കാതെ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രി ഇടപെട്ട് ആ വർക്ക് ടെൻഡർ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ള ആ വർക്കുകൾക്ക് അടിയന്തിരമായി അനുവാദം നൽകുന്നകാര്യം പരിശോധിക്കുന്നുണ്ട്. മറ്റു രണ്ട് വർക്കുകൾ പ്രയോറിറ്റി ലിസ്റ്റിൽപെടുത്തി ഈ കൊല്ലംതന്നെ നടത്തുവാൻ സാധിക്കുമോ എന്ന് പരിശോധിക്കാവുന്നതാണ്. പ്രയോറിറ്റി ലിസ്റ്റിൽപെടുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നതാണ്.

(5) പനത്തുറയിലെ കടലാക്രമണം

ശ്രീ. എൻ. ശക്തൻ നാടാർ: സർ, പനത്തുറ രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്ന ഒരു സ്ഥലമാണ്. അവിടെ ഒരു പാലവും, കടൽഭിത്തിയും നിർമ്മിക്കണമെന്ന ആവശ്യം ദീർഘകാലമായി അവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly